"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ഡ്രൈവർ/ഡ്രൈവർ കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം, ജോലി ക്രമീകരണം , ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/P&ARD തീയതി,തിരുവനന്തപുരം, 21-02-2025

പരാമർശം:-
1. സ.ഉ(എം.എസ്) നം. 29/2015/ഉ.ഭ.പ.വ തീയതി : 19-11-2015.
2. സ.ഉ(അച്ചടി) നം.7/2023/ഉ.ഭ.പ.വ തീയതി : 18-04-2023.
3. സർക്കുലർ നം. ഉപ.സി.3/20/2024/പി.&എ.ആർ.ഡി, തീയതി : 19-03-2024

**<u>ഉത്തരവ്</u>**

ഡ്രൈവർ തസ്തിക ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവ് പ്രാബല്യ തീയതിയ്ക്ക് മുൻപ് സർവീസിൽ പ്രവേശിച്ച ഡ്രൈവർ തസ്തികയിലുള്ളവർ ഓഫീസ് അറ്റന്റന്റ് തസ്തികയിലെ ജോലി നിർവ്വഹിക്കേണ്ടതില്ലായെന്നു പരാമർശം (2) ഉത്തരവ് പ്രകാരം സ്പഷ്ടമാക്കിയിരുന്നു.

2) വാഹനങ്ങൾ കണ്ടം ചെയ്യുന്ന സാഹചര്യത്തിലോ വകുപ്പിലെ/കാര്യാലയങ്ങളിലെ വാഹനം മറ്റൊരു തരത്തിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിലോ ഡ്രൈവർ/ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രമോഷൻ മൂലമോ റിട്ടയർമെന്റ് മൂലമോ സ്ഥലം മാറ്റം മൂലമോ ഉണ്ടാകുന്ന ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലായെന്ന് പരാമർശം (3) പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വകുപ്പുകൾക്കായി വാങ്ങുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവ് പ്രാബല്യ തീയതിയ്ക്ക് മുൻപ് സർവീസിൽ പ്രവേശിച്ച ഡ്രൈവർ തസ്തികയിലുള്ളവർക്ക് വാഹനം നിലവിലില്ലാത്ത അവസ്ഥയുണ്ടാകുമ്പോൾ വകുപ്പിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ചും, വകുപ്പിന്റെ മറ്റ് കാര്യാലയങ്ങളിൽ വാഹനം നിലവിലുള്ള ഡ്രൈവർ/ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ വിവിധതരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചും വിവിധ വകുപ്പുകളിലെ മേധാവികൾ സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടു വരുന്നുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തിയിലേക്ക് നിലവിൽ പി.എസ്.സി മുഖേനയുള്ള ജില്ലാതല നിയമനങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വാഹനം നിലവിൽ ഇല്ലാത്ത കാര്യാലയങ്ങളിലെ ഡ്രൈവർ തസ്തികയിൽ സേവനം

അനുഷ്ഠിക്കുന്നവർക്ക് വാഹനം ലഭ്യമാകുന്നത് വരെ അനന്തമായി ജോലിയിൽ ഏർപ്പെടാൻ കഴിയാതെ വരുന്ന സാഹചര്യവും, പി.എസ്.സി റാങ്ക് പട്ടികയിൽ ഉള്ളവർക്ക് നിയമനം ലഭിക്കുന്നതിനുള്ള സാധ്യതയും സർക്കാർ വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ /ഡ്രൈവർ കം-ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം, ജോലി ക്രമീകരണം, ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) വാഹനം നിലവിൽ ഇല്ലാത്ത കാര്യാലയങ്ങളിലെ ഡ്രൈവർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയോ പുനർവിന്യസിക്കുകയോ ചെയ്യുമ്പോൾ 19.11.2015-ന് മുൻപ് സർവീസിൽ പ്രവേശിച്ചവരെ ഓഫീസ് അറ്റൻറൻറ് ആയി നിയോഗിക്കുുവാൻ പാടില്ല.

(ii) 19.11.2015-ന് മുൻപ് ഡ്രൈവർ തസ്തികയിൽ പ്രവേശിച്ച് എൻടി കേഡറിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ വാഹനം ലഭ്യമല്ലാതാകുന്ന സാഹചര്യത്തിൽ ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പിൻതുടരേണ്ടതാണ്.

(a) വകുപ്പിൽ അതേ ജില്ലയിൽ ഡ്രൈവർമാർ ഇല്ലാത്ത വാഹനങ്ങൾ ഉണ്ടെങ്കിൽ ടി വാഹനത്തിന്റെ ചുമതല അവർക്ക് നൽകേണ്ടതാണ്.

(b) മേൽ പ്രകാരം ഒഴിവുകൾ ലഭ്യമല്ലെങ്കിൽ വകുപ്പിൽ അതേ ജില്ലയിൽ 19.11.2015-ന് ശേഷം ഡ്രൈവർ-കം-ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ പ്രവേശിച്ച ജീവനക്കാർ ചുമതല വഹിക്കുന്ന ഡ്രൈവർ തസ്തികകളുണ്ടെങ്കിൽ ടി തസ്തികയിൽ 19..11..2015-ന് മുൻപ് ഡ്രൈവർ തസ്തികയിൽ പ്രവേശിച്ചവരെ നിയമിക്കേണ്ടതും ഡ്രൈവർ-കം-ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമിതരായവരെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ഒഴിവുകളിലേക്ക് മാറ്റേണ്ടതുമാണ്.

(c) ജില്ലയ്ക്കകത്ത് ഇപ്രകാരം ഒഴിവുകൾ ഇല്ലാത്ത പക്ഷം ജില്ലയ്ക്ക് പുറത്തുള്ള ഒഴിവുകളിലേക്ക് താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യസിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അവരുടെ ലീൻ താൽക്കാലികമായി പുനർവിന്യസിക്കപ്പെടുന്ന ഓഫീസുകളിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതും ശമ്പളവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും അവിടെ നിന്നുതന്നെ വിതരണം ചെയ്യേണ്ടതുമാണ്. താല്പര്യപത്രം ആരും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തസ്തികയിൽ ഏറ്റവും ജൂനിയറായിട്ടുള്ളയാളെ പുനർവിന്യസിക്കേണ്ടതാണ്. മാതൃജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയറിന് ആദ്യം എന്ന ക്രമത്തിൽ പുനർവിന്യാസം റദ്ദ് ചെയ്ത് മടക്കിനൽകേണ്ടതും, സീനിയറിന് പുനർവിന്യാസത്തിൽ തുടരാനാണ് താൽപര്യമെങ്കിൽ അപ്രകാരം ഒരു സത്യപ്രസ്താവന ലഭ്യമാക്കിയശേഷം തൊട്ടടുത്ത ജൂനിയറിന് മാതൃജില്ലയിലേക്ക് നിയമനം നൽകേണ്ടതുമാണ്.

(d) ഇപ്രകാരം പുനർവിന്യസിക്കാനുള്ള അധികാരം വകുപ്പ് മേധാവിയിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

**(iii)** വാഹനങ്ങൾ കണ്ടം ചെയ്യുന്ന സാഹചര്യത്തിലോ വകുപ്പിലെ/ കാര്യാലയങ്ങളിലെ വാഹനം മറ്റൊരു തരത്തിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിലോ 19.11.2015-ന് ശേഷം ഡ്രൈവർ/ഡ്രൈവർ-കം-ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുണ്ടെങ്കിൽ അവരെ അതേ കാര്യാലയത്തിലോ ജില്ലയ്ക്കകത്തെ മറ്റ കാര്യാലയത്തിലോ ഡ്രൈവർമാരുടെയോ ഓഫീസ് അറ്റൻഡൻറിന്റെയോ തസ്തികയിൽ ഒഴിവുകളുണ്ടെങ്കിൽ ആവശ്യാനുസരണം ജില്ലാ മേധാവികുതന്നെ നിയമിക്കാവുന്നതാണ്. ജില്ലയ്ക്കകത്ത് ഒഴിവുകൾ ലഭ്യമല്ലെങ്കിൽ മേൽ ഖണ്ഡിക II (c) യിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി പുനർവിന്യസിക്കാവുന്നതാണ്.

**(iv)** പി.എസ്.സി റാങ്ക് പട്ടിക നിലവിലുള്ള പക്ഷം പരാമർശം ( 3 ) സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പി.എസ്.സി മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവിൽ മേൽ പരാമർശിച്ച പ്രകാരം പുനർവിന്യാസം നടത്താവുന്നതാണ്.

4. എല്ലാ നിയമനാധികാരികളും, വകുപ്പ് മേധാവികളും, മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ്ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 22-02-2025 10:58:07
സെക്ഷൻ ഓഫീസർ

ഭരണഭാഷാ മാതൃഭാഷ

<u>പുറത്തെഴുത്തു കത്ത് നമ്പർ : **AHD/1779/2025-K2**</u>

<u>തീയതി: **26-03-2025**</u>

ഡ്രൈവർ/ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം, ജോലി ക്രമീകരണം, ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള **21/02/2025** ലെ സ.ഉ.(കൈ)നം.**5/2025/P&ARD** സർക്കാർ ഉത്തരവിന്മേൽ, തുടർനടപടി സ്വീകരിയ്ക്കുന്നതിനായി ഉത്തരവിന്റെ പകർപ്പ് എല്ലാ വകുപ്പുതല ഓഫീസർമാർക്കും പുറത്തെഴുത്തായി ഇതോടൊപ്പം അയയ്ക്കുന്നു.

Signed by
K O Sreelatha
Date: 26-03-2025 12:58:52

**ADMINISTRATIVE ASSISTANT**

ഉള്ളടക്കം : സർക്കാർ ഉത്തരവ്.

---

പകർപ്പ് :ഐടി സെക്ഷൻ, ഡയറക്ടറേറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി), പി സെക്ഷൻ,ഡയറക്ടറേറ്റ്. (അറിവിലേക്കായി)

---